# യോഹന്നാൻ എഴുതിയ രണ്ടാംലേഖനം

1 സഭാമുഖ്യനായ ഞാൻ,

നമ്മിൽ വസിക്കുന്നതും നമ്മോടുകൂടെ
എന്നേക്കും ഇരിക്കുന്നതുമായ സത്യം നിമിത്തം,
ഞാൻമാത്രമല്ല, 2 സത്യത്തെ* അറിയുന്ന
എല്ലാവരും സത്യമായി സ്നേഹിക്കുന്ന
ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട
മാന്യവനിതയ്ക്കും അവരുടെ മക്കൾക്കും
എഴുതുന്നത്:

3 പിതാവായ ദൈവത്തിൽനിന്നും പിതാവിന്റെ
പുത്രനായ യേശുക്രിസ്തുവിൽനിന്നും
സത്യത്തിലും സ്നേഹത്തിലും കൃപയും
കരുണയും സമാധാനവും നമ്മോടുകൂടെ
ഉണ്ടാകുമാറാകട്ടെ.

4 പിതാവു നമ്മോടു സത്യത്തിനനുസൃതമായി
ജീവിക്കാൻ കൽപ്പിച്ചതുപോലെതന്നെ, നിന്റെ
മക്കളിൽ ചിലർ ജീവിക്കുന്നതു കണ്ടു ഞാൻ
ഏറ്റവുമധികം ആനന്ദിച്ചു. 5 പ്രിയവനിതേ, ഞാൻ
ഒരു പുതിയ കൽപ്പനയല്ല, നമുക്ക് ആദ്യംമുതലേ
ലഭിച്ചിരുന്നതുതന്നെയാണ് താങ്കൾക്ക് ഇപ്പോൾ
എഴുതുന്നത്: നാം പരസ്പരം സ്നേഹിക്കണം
എന്നു ഞാൻ അപേക്ഷിക്കുന്നു. 6 നാം

* 1:2 അതായത്, ക്രിസ്തുവിനെ

ദൈവകൽപ്പനയനുസരിച്ചു ജീവിക്കുന്നതാണ്
സ്നേഹം. ആരംഭംമുതലേ നിങ്ങൾ
കേട്ടിട്ടുള്ളതുപോലെ, നിങ്ങൾ സ്നേഹത്തിൽ
ജീവിക്കുക. ഇതാകുന്നു ആ കൽപ്പന.
7 യേശുക്രിസ്തു മനുഷ്യശരീരത്തിൽ വന്നു
എന്ന് അംഗീകരിക്കാത്ത അനേകം വഞ്ചകന്മാർ
ലോകത്തിൽ വ്യാപിച്ചിരിക്കുന്നതിനാലാണ്
ഞാൻ ഇതു പറയുന്നത്. ഇപ്രകാരമുള്ളവൻ
വഞ്ചകനും എതിർക്രിസ്തുവും ആകുന്നു.
8 പൂർണമായ പ്രതിഫലം നിങ്ങൾക്കു†
ലഭിക്കുന്നവിധം ഞങ്ങളുടെ അധ്വാനഫലം
നിങ്ങൾ നഷ്ടമാക്കാതിരിക്കാൻ ശ്രദ്ധിക്കുക.
9 ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ
അതിനെ മറികടക്കുന്നവനു ദൈവമില്ല. എന്നാൽ,
ഈ ഉപദേശത്തിൽ നിലനിൽക്കുന്നവനോ
പിതാവും പുത്രനും ഉണ്ട്. 10 ഈ
ഉപദേശവുമായിട്ടല്ലാതെ ആരെങ്കിലും നിങ്ങളുടെ
അടുക്കൽ വന്നാൽ, അവനെ നിങ്ങളുടെ
വീട്ടിൽ സ്വീകരിക്കുകയോ നമസ്കാരംപറഞ്ഞ്
കുശലപ്രശ്നംചെയ്യുകയോ അരുത്. 11 അവനെ
വന്ദിക്കുന്നവൻ അവന്റെ ദുഷ്പ്രവൃത്തികളിൽ
പങ്കാളിയാണ്.

12 നിങ്ങൾക്കായി എഴുതാൻ ധാരാളം
ഉണ്ടെങ്കിലും കടലാസും മഷിയും ഉപയോഗിക്കാൻ
ഞാൻ ആഗ്രഹിക്കുന്നില്ല. പിന്നെയോ, നമ്മുടെ
ആനന്ദം പൂർണമാകേണ്ടതിനു നിങ്ങളെ
സന്ദർശിച്ചു മുഖാമുഖമായി സംസാരിക്കാൻ

† **1:8** ചി.കൈ.പ്ര. നമുക്കു

ഞാൻ ആഗ്രഹിക്കുന്നു.

13 താങ്കളുടെ, തെരഞ്ഞെടുക്കപ്പെട്ടവളായ
സഹോദരിയുടെ മക്കൾ‡ താങ്കളെ
അഭിവാദനംചെയ്യുന്നു.

‡ **1:13** അതായത്, അയൽസഭയിലെ അംഗങ്ങൾ.

# Biblica® സ്വതന്ത്രം സമകാലിക മലയാളവിവർത്തനം 2020

## Malayalam: Biblica® സ്വതന്ത്രം സമകാലിക മലയാളവിവർത്തനം 2020 (Bible) of India

copyright © 2021 Biblica, Inc.

Language: മലയാളം

Contributor: Biblica, Inc.

This work is made available under the Creative Commons Attribution-ShareAlike 4.0 International License (CC BY-SA). To view a copy of this license, visit http://creativecommons.org/licenses/by-sa/4.0 or send a letter to Creative Commons, PO Box 1866, Mountain View, CA 94042, USA.

Biblica® is a trademark registered by Biblica, Inc., and use of the Biblica® trademark requires the written permission of Biblica, Inc. Under the terms of the CC BY-SA license, you may copy and redistribute this unmodified work as long as you keep the Biblica® trademark intact. If you modify a copy or translate this work, thereby creating a derivative work, you must remove the Biblica® trademark. On the derivative work, you must indicate what changes you have made and attribute the work as follows: “The original work by Biblica, Inc. is available for free at www.biblica.com and open.bible.”

Notice of copyright must appear on the title or copyright page of the work as follows:

Biblica® സമകാലിക മലയാള സ്വതന്ത്ര വിവർത്തനം™

പകർപ്പവകാശം © 1997, 2005, 2017, 2020 Biblica, Inc.

Biblica® Open Malayalam Contemporary Version™

Copyright © 1997, 2005, 2017, 2020 by Biblica, Inc.

Biblica®എന്നത് അമേരിക്കന് ഐക്യനാടുകളുടെ (USA) പേറ്റന്റ് ആന്റ് ട്രേഡ്മാര്ക്ക് ഓഫീസില് Biblica, Inc.നാല് രജിസ്ററര് ചെയ്യപ്പെട്ടിരിക്കുന്നു. അനുവാദത്തോടുകൂടി ഉപയോഗിച്ചിരിക്കുന്നു.

“Biblica” is a trademark registered in the United States Patent and Trademark Office by Biblica, Inc. Used with permission.

You must also make your derivative work available under the same license (CC BY-SA).

If you would like to notify Biblica, Inc. regarding your translation of this work, please contact us at https://open.bible/contact-us.

This translation is made available to you under the terms of the Creative Commons Attribution Share-Alike license 4.0.

You have permission to share and redistribute this Bible translation in any format and to make reasonable revisions and adaptations of this translation, provided that:

- You include the above copyright and source information.
- If you make any changes to the text, you must indicate that you did so in a way that makes it clear that the original licensor is not necessarily endorsing your changes.
- If you redistribute this text, you must distribute your contributions under the same license as the original.

Pictures included with Scriptures and other documents on this site are licensed just for use with those Scriptures and documents. For other uses, please contact the respective copyright owners.

Note that in addition to the rules above, revising and adapting God's Word involves a great responsibility to be true to God's Word. See Revelation 22:18-19.

2021-11-15

---

PDF generated using Haiola and XeLaTeX on 21 Feb 2024 from source files dated 16 Nov 2021
481fa3b4-7f70-5045-8f10-f791f464be8d